"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് - തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജ് ആശുപത്രിയിൽ ഗാർഡനർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. അനിൽ കുമാർ .വി യ്ക്ക് പാർക്കിൻസൺസ് രോഗത്തിന് പലിശ രഹിത ചികിൽസാ അഡ്വാൻസ് അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.94/2024/AYUSH തീയതി,തിരുവനന്തപുരം, 07-03-2024

---

പരാമർശം:- ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 12.12.2023 ലെ എ/1318/2023/ഡിഎംഇ നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജ് ആശുപത്രിയിൽ ഗാർഡനർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. അനിൽ കുമാർ .വി തിരുവനന്തപുരം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ പാർക്കിൻസൺസ് രോഗത്തിന് ചികിത്സയിലാണെന്നും ടിയാളുടെ ശസ്ത്രക്രിയ നടത്തുന്നതിനായി 15,75,000/- രൂപ (പതിനഞ്ച് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) പലിശ രഹിത അഡ്വാൻസ് ആയി അനുവദിക്കുന്നതിനുള്ള ശിപാർശ പരാമർശത്തിലെ കത്ത് പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജ് ആശുപത്രിയിൽ ഗാർഡനർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. അനിൽ കുമാർ .വി (PEN-803366) 26.10.2023 ൽ സമർപ്പിച്ച പലിശ രഹിത ചികിൽസാ അഡ്വാൻസ് അപേക്ഷയുടെ അടിസ്ഥാനത്തിൽ , തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയിൽ DEEP BRAIN STIMULATION (DBS) IMPLANTATION ചികിത്സയ്ക്കായി, 15,75,000/-രൂപ (പതിനഞ്ച് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) പലിശ രഹിത ചികിൽസാ വായ്പയായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാളുടെ ജനന തീയതി 31.05.1966 ആണ്. ഇതുമായി ബന്ധപ്പെട്ട ചെലവ് "7610-00-800-95(02) " എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

3 .ഇപ്രകാരം അനുവദിച്ച 15,75,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പ, ശ്രീ. അനിൽ കുമാർ.വി സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതും ശേഷിക്കുന്ന തുകയുണ്ടെങ്കിൽ ആയത് അപേക്ഷകന് നൽകേണ്ടതുമാണ്. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 3 മാസത്തിനകം അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. ചികിൽസയ്ക്ക് ചെലവായ തുക കിഴിച്ച് ബാക്കി തുകയുണ്ടെങ്കിൽ മേൽ പ്രകാരമുള്ള ഉപയുക്തതാ കാലയളവ് പൂർത്തിയായതിന്റെ തൊട്ടടുത്ത ദിവസം തന്നെ ട്രഷറിയിൽ ഒടുക്കി ചെലാൻ

അപേക്ഷകൻ ലഭ്യമാക്കേണ്ടതും, പലിശരഹിത ചികിത്സാ വായ്പ ധനവകുപ്പിന്റെ അനുമതിയോടെ 3 മാസത്തിനകം ക്രമപ്പെടുത്തേണ്ടതുമാണ്. അല്ലാത്ത പക്ഷം, മേൽ വ്യവസ്ഥകളിൽ ക്രമീകരണ അപേക്ഷ യഥാസമയം സമർപ്പിക്കാത്ത കേസുകളിൽ മുഴുവൻ വായ്പാ തുകയും, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാലയളവിന് ശേഷമുള്ള അവശേഷിക്കുന്ന തുക യഥാസമയം തിരിച്ചടയ്ക്കാത്ത കേസുകളിൽ പ്രസ്തുത തുകയും 12% നിരക്കിൽ പലിശ വായ്പക്കാരനിൽ നിന്നും ഈടാക്കുന്നതാണ്. പ്രസ്തുത പലിശ രഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ചു പിടിക്കുന്നതാണ്. കൂടാതെ, വായ്പക്കാരനെതിരെ അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്. പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുൻപായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വായ്പ കൈപ്പറ്റാതിരിക്കുകയോ, റദ്ദ് ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്.കൂടാതെ, മേപ്പടി പലിശ രഹിത ചികിൽസാ വായ്പ ക്രമീകരിക്കുന്നതിനായി പലിശ രഹിത ചികിൽസാ വായ്പയ്ക്ക് അപേക്ഷ സമർപ്പിച്ച തീയതി മുതൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാലയളവ് വരെയുള്ള ചികിൽസയുടെ ബില്ലുകൾ മാത്രമേ സമർപ്പിക്കാവൂ എന്നും, അപ്രകാരമുള്ള ഉപയുക്തതാ സർട്ടിഫിക്കറ്റ് മാത്രമേ ലഭ്യമാക്കാവൂ എന്നും വായ്പ കൈപ്പറ്റിയ തീയതി കൂടി ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SEEMA S

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ ,ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ,തിരുവനന്തപുരം

പ്രിൻസിപ്പൽ ,ഗവ. ആയുർവേദ കോളേജ് ,തിരുവനന്തപുരം (ഡയറക്ടർ മുഖേന)

ശ്രീ. അനിൽ കുമാർ .വി (ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) ,കേരള ,തിരുവനന്തപുരം

സബ്ട്രഷറി ഓഫീസർ , അഡീഷണൽ സബ് ട്രഷറി , വഞ്ചിയൂർ ,തിരുവനന്തപുരം

ആരോഗ്യ കുടുംബ ക്ഷേമ (ജി) വകുപ്പ് (U.O(F)No.G2/6/2024-HEALTH തീയതി 12.02.2024 പ്രകാരം)

ധനകാര്യ വകുപ്പ് (U.O(F) No. 2713300/Loans-L3/15/2024-FIN തീയതി 27.02.2024

വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Baiju G
സെക്ഷൻ ഓഫീസർ
Date: 11-03-2024 11:37:47